(ഇ) ജലസേചന വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കഴിഞ്ഞ വർഷം നടത്തിയ ഉന്നതതലയോഗത്തിൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചീഫ് എൻജിനീയർമാർ സ്ഥല പരിശോധന പൂർത്തിയാക്കിയിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇതിനുശേഷം എന്തെങ്കിലും റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 15-7-1997-ൽ.

(സി) വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിരിക്കുന്ന സ്ഥലം നിലവിലുള്ള സർക്കാർ ഉത്തരവനുസരിച്ച് നിരോധിതമേഖലയിലാണ്. ഇറിഗേഷൻ വകുപ്പിന്റെ സ്ഥലത്തിന് പുറത്തായി വേറെ സ്ഥലം പറ്റുമോയെന്ന് പരിശോധിച്ചു വരികയാണ്.

(ഡി) 12/2000-ൽ പൂർത്തിയാക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ സ്ഥല ലഭ്യത ഇല്ലാത്തതിനാൽ നിശ്ചിത സമയത്ത് പൂർത്തീകരിക്കുവാൻ സാധിക്കുകയില്ല.

(ഇ) ഉണ്ട്. 26-3-1998-ൽ സ്ഥലപരിശോധന പൂർത്തിയാക്കിയിട്ടുണ്ട്.

(എഫ്) ഈ പദ്ധതിയെപ്പറ്റിയുള്ള വിശദമായ പഠനം നടന്നു വരുന്നതേയുള്ളൂ.

**രാജീവ് ഗാന്ധി നാഷണൽ ഡ്രിങ്കിംഗ് വാട്ടർ മിഷൻ പദ്ധതി**

158 (2624) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജീവ് ഗാന്ധി നാഷണൽ ഡ്രിങ്കിംഗ് വാട്ടർ മിഷൻ പദ്ധതി അനുസരിച്ച് മലപ്പുറം ജില്ലയിൽ ഏതെല്ലാം പദ്ധതികൾ കഴിഞ്ഞ സാമ്പത്തിക വർഷം ഏറ്റെടുത്തു ;

(ബി) ഓരോന്നിനുമുള്ള കേന്ദ്ര സംസ്ഥാന വിഹിതം എത്രയാണ് ;

(സി) ഇവയ്ക്കുവേണ്ടി കഴിഞ്ഞ വർഷം എത്ര വർക്കുഷോപ്പുകൾ ജില്ലയിൽ നടത്തി ; ഇതിനുവേണ്ടി എന്ത് തുക ചെലവഴിച്ചു ;

(ഡി) പ്രസ്തുത പദ്ധതി മലപ്പുറം ജില്ലയിൽ നിന്നും മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) എങ്കിൽ മിഷന്റെ പ്രവർത്തനം മലപ്പുറം ജില്ലയിൽതന്നെ തുടരാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഈ പദ്ധതിയിൻ കീഴിൽ 1998-99-ൽ 5 പദ്ധതികൾക്ക് മലപ്പുറം ജില്ലയിൽ ഭരണാനുമതി നൽകി നടപ്പാക്കി വരുന്നു. എന്നാൽ മുൻ വർഷങ്ങളിൽ ഭരണാനുമതി നൽകിയ ചില പദ്ധതികൾ പഞ്ചായത്തിൽ നിന്നും സ്ഥലം ലഭിക്കാത്തതുമൂലം പണി മുടങ്ങിക്കിടക്കുന്നു. കൂടാതെ 1999-2000 വർഷത്തിൽ 4 പുതിയ സ്കീമുകൾക്കു കൂടി മലപ്പുറം ജില്ലയിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയ്ക്കെല്ലാം എസ്റ്റിമേറ്റ് തുകയുടെ 100 ശതമാനവും കേന്ദ്ര ഗവൺമെന്റ് ഗ്രാന്റായി ലഭിക്കുന്നതാണ്.

(സി) ഉത്തരം 'എ' യിൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികൾക്കുവേണ്ടി ശില്പശാലകളൊന്നും തന്നെ നടത്തിയിട്ടില്ല. എന്നാൽ മലപ്പുറം ജില്ലയെ പൈലറ്റ് പ്രോജക്ട് ജില്ലയായി അംഗീകരിച്ച് നടത്തുവാനിരുന്ന സെക്ടർ റിഫോംസ് പദ്ധതിക്കുവേണ്ടി ഒരു ശില്പശാല നടത്തുകയുണ്ടായി. 1.75 ലക്ഷം രൂപ ചെലവായി.

(ഡി) ഉണ്ട്.

(ഇ) ലോകബാങ്കിന്റെ ധനസഹായത്തോടെ കേരളത്തിലെ 4 ജില്ലകളിൽ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഈ പരിപാടിയിൽ മലപ്പുറം ജില്ല ഉൾപ്പെടുന്നതിനാൽ ഏകദേശം ഇതേ മാർഗ്ഗ നിർദ്ദേശങ്ങൾ പിൻതുടരുന്ന പദ്ധതികൾ മറ്റൊരു ഏജൻസിയുടെ കീഴിൽ അതേ സ്ഥലത്ത് ആവർത്തിക്കേണ്ട ആവശ്യകത ഇല്ലാത്തതിനാലാണ് മലപ്പുറം ജില്ലയെ സെക്ടർ റിഫോംസ് പദ്ധതികളുടെ പൈലറ്റ് പ്രോജക്ട് ജില്ലയായി തിരഞ്ഞെടുത്തതിൽ നിന്നും ഒഴിവാക്കാൻ തീരുമാനിച്ചത്. ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി പ്രകാരം കേന്ദ്ര സഹായത്തോടെ ജില്ലയിൽ ഏറ്റെടുത്തതും അംഗീകരിച്ചു കഴിഞ്ഞതുമായ പദ്ധതികൾ ഈ പദ്ധതിപ്രകാരം തന്നെ പൂർത്തിയാക്കുന്നതാണ്.

**ഒ.ഇ.സി.എഫ്-ന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന ശുദ്ധജലവിതരണ പദ്ധതി**

**159 (2626)** ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. പി. വിശ്വനാഥൻ :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒ.ഇ.സി.എഫ്-ന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന ശുദ്ധജല വിതരണ പദ്ധതിക്കുവേണ്ടി കൺസൾട്ടന്റിനെ നിയമിക്കുന്നതിന് 7 കമ്പനികളെ തെരഞ്ഞെടുക്കുന്നതിനെതിരെ ഏതെങ്കിലും പരാതി ലഭിച്ചിരുന്നോ ;

(ബി) ആരുടെ പരാതി എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly